**ഓൺലൈൻ അപേക്ഷയുമായി ബന്ധപ്പെട്ട നിർദേശങ്ങൾ താഴെ ചേർക്കുന്നു.**

- http://www.baithuzzakathkerala.org എന്ന വെബ്സൈറ്റ് വഴി ഓൺലൈൻ ആയാണ് അപേക്ഷ നൽകേണ്ടത്.
- വെബ്സൈറ്റിൽ ഏറ്റവും മുകളിൽ വലതു ഭാഗത്ത് കാണുന്ന Online Registration എന്ന ലിങ്കിൽ ക്ലിക്ക് ചെയ്താൽ ഓൺലൈൻ അപേക്ഷ ഫോറം ലഭിക്കും.
- ഫോറത്തിലേക്ക് പ്രവേശിക്കുന്നതിന് മുമ്പ് നൽകിയിരിക്കുന്ന നിർദേശങ്ങൾ കൃത്യമായി വായിച്ച് മനസ്സിലാക്കണം.
- ഫോറം പൂരിപ്പിക്കുന്നതിന് മുമ്പ് ആവശ്യമായ മുഴുവൻ വിവരങ്ങളും ശേഖരിക്കണം
- അപേക്ഷ മലയാളത്തിലോ ഇംഗ്ലീഷിലോ പൂരിപ്പിക്കാവുന്നതാണ്.
- ഏത് പദ്ധതിയിലേക്കാണ് അപേക്ഷിക്കുന്നത് എന്ന് തെരഞ്ഞെടുക്കുക. (ചികിത്സ, തൊഴിൽ പദ്ധതി, ഭവന നിർമാണം, കുടിവെള്ളം, പെൻഷൻ, കടബാധ്യത തീർക്കൽ)
- ബൈത്തുസ്സകാത്ത് പദ്ധതിയിൽ അപേക്ഷ നൽകുന്ന എല്ലാ പ്രോജക്ടുകളുടേയും ഗുണഭോക്താക്കൾ സകാത്തിനർഹരായിരിക്കണം.
- ഫോറത്തിന് **ആറു ഭാഗങ്ങൾ ഉണ്ട്**. **ഒന്നാം** ഭാഗത്ത് അപേക്ഷകന്റെ വിവരങ്ങൾ ആണ് ചേർക്കേണ്ടത്. **രണ്ടാം** ഭാഗത്ത് അപേക്ഷകന്റെ കുടുംബത്തിന്റെ വിവരങ്ങൾ ആണ്. **മൂന്നാമത്തേത്** അപേക്ഷകന്റെ സാമ്പത്തിക നിലയും **നാലാമത്തേത്** അപേക്ഷകന് മുമ്പ് ബൈത്തുസ്സകാത്തിൽ നിന്നോ മറ്റു സംവിധാനങ്ങളിൽ നിന്നോ ലഭിച്ച സഹായങ്ങളുടെ വിവരങ്ങളാണ് ചേർക്കേണ്ടത്. **അഞ്ചാമത്തേത്** അപേക്ഷകന്റെ ആവശ്യവുമായി ബന്ധപ്പെട്ട കാര്യങ്ങളും ആണ്. **ആറാം ഭാഗത്ത്** അപേക്ഷയുമായി ബന്ധപ്പെട്ട രേഖകൾ അപ്‌ലോഡ് ചെയ്യുക. അതില് മൂന്ന് JPEG ഫയലുകളും ഒരു PDF ഫയലും സമർപ്പിക്കാവുന്നതാണ്. ഇവ ഓരോന്നും (SIZE) 1MBയിൽ കൂടുതൽ ആകാൻ പാടില്ല. (അനുബന്ധ ഫോറം കാണുക)
- ഫോറം പൂരിപ്പിക്കുന്ന സമയത്ത് എല്ലാ ഭാഗവും/കോളവും പൂരിപ്പിക്കണം(ബാധകമല്ലാത്തത് ബാധകമല്ല/NIL എന്ന് പൂരിപ്പിക്കണം) അല്ലാത്തപക്ഷം അപേക്ഷ പൂർത്തിയാവുകയോ വെബ്സൈറ്റിൽ കയറുകയോ ഇല്ല. ഒരാഴ്ചക്കുള്ളിൽ പൂർത്തിയാവാത്ത അപേക്ഷകൾ Automatic ആയി Delete ആവുന്നതായിരിക്കും.
- ഫോറം പൂരിപ്പിച്ചു സബ്മിറ്റ് ചെയ്യുന്നതിന് മുമ്പായി ആവശ്യമെങ്കിൽ ഫോറത്തിൽ തിരുത്തൽ വരുത്താവുന്നതാണ്. സബ്മിറ്റ് ചെയ്തതിന് ശേഷം അപേക്ഷ തിരുത്താനാവില്ല.
- ഫോറം പൂരിപ്പിച്ച് സബ്മിറ്റ് ചെയ്താൽ പ്രിന്റ് എടുക്കാൻ സാധിക്കും. സബ്മിറ്റ് ചെയ്യുന്ന സമയത്ത് പ്രിന്റ് എടുക്കാൻ സാധിച്ചില്ലെങ്കിൽ പിന്നീട് My Form/ എന്റെ അപേക്ഷ എന്ന ഭാഗത്ത് Aadhaar നമ്പറും മൊബൈൽ നമ്പറും പദ്ധതിയും നൽകിയാൽ അപേക്ഷ കാണാവുന്നതും പ്രിന്റ് എടുക്കാവുന്നതുമാണ്.
- പ്രിന്റ് എടുത്ത ഫോറം പ്രാദേശിക യൂണിറ്റ് പ്രസിഡണ്ടിന് സമർപ്പിക്കേണ്ടതാണ്. അവർ അപേക്ഷയെക്കുറിച്ച് പഠിച്ച ശേഷം ഏരിയാ കോഡിനേറ്റർക്ക് കൈമാറും ശേഷം അദ്ദേഹവും ഏരിയ പ്രസിഡണ്ടും പഠിച്ച് ആ പഠന റിപ്പോർട്ട് ഏരിയാ കോഡിനേറ്റർ വെബ്സൈറ്റിൽ അദ്ദേഹത്തിന്റെ ഏരിയാ ലോഗിനിൽ കയറി

സബ്മിറ്റ് ചെയ്ത് അപ്രൂവൽ ചെയ്യുന്നതായിരിക്കും. ഇതോടുകൂടിയാണ് അപേക്ഷ പൂർത്തിയാവുക (അപേക്ഷയുടെ അവസാനത്തിൽ ഇവർ മൂന്നുപേരുടെയും പേരും മൊബൈൽ നമ്പറും ഉണ്ടാകും. അതിൽ ബന്ധപ്പെടുകയും ഏരിയ അപ്രൂവൽ കഴിഞ്ഞു എന്ന് ഉറപ്പുവരുത്തുകയും വേണം). ശേഷം ബൈത്തുസ്സകാത്ത് കേരളയുടെ ഓഫീസിൽ അപേക്ഷ യോഗത്തിൽ വെക്കുകയും ഏരിയാ കോഡിനേറ്റർ മുഖേന അതിന്റെ വിവരങ്ങൾ അറിയിക്കുകയും ചെയ്യും.

- ❖ ബൈത്തുസ്സകാത്ത് കേരളയുടെ ഓഫീസിൽ നേരിട്ട് അപേക്ഷ സ്വീകരിക്കുന്നതല്ല.

**ഭവന നിർമാണം**

പൂർണ്ണ ഭവന നിർമാണം, ഭവന നിർമ്മാണ പൂർത്തീകരണം, ഭവന അറ്റകുറ്റപ്പണികൾ എന്നിങ്ങനെ മൂന്ന് രീതികളിലാണ് ബൈത്തുസ്സകാത്ത് ഫണ്ട് അനുവദിക്കു ന്നത്.

- ❖ പൂർണ്ണ ഭവന നിർമാണത്തിനുള്ള വീടിന്റെ ആകെ അളവ് 600 ചതുരശ്ര അടിയിൽ കൂടാൻ പാടില്ല. (2 ബെഡ് റൂം, അടുക്കള, ഡൈനിംഗ് ഹാൾ, സിറ്റൗട്ട്, കോമൺ ബാത്ത്റൂം). എന്നാൽ നേരത്തെ ആരംഭിച്ച വീടുപണി പൂർത്തിയാക്കാൻ സഹായം ആവശ്യപ്പെടുന്നവരുടെ കാര്യത്തിൽ പരമാവധി 1000 ചതുരശ്ര അടിവരെയുള്ള വീടുകൾ പരിഗണിക്കും.
- ❖ ഭവന നിർമാണം ആരംഭിച്ച് സാമ്പത്തിക പരാധീനത കാരണം അവ പൂർത്തീകരിക്കാൻ സാധിക്കാത്ത ദരിദ്ര കുടുംബങ്ങളുടെ ഭവന നിർമാണ പൂർത്തീകരണത്തിന് സാമ്പത്തിക സഹായം നൽകും.
- ❖ ദരിദ്ര കുടുംബങ്ങളുടെ വീടുകളുടെ റിപ്പയർ/അറ്റകുറ്റപ്പണികൾ നടത്തി താമസ യോഗ്യമാക്കുന്നതിനും അനിവാര്യമായ നവീകരണങ്ങൾക്കും സാമ്പത്തിക സഹായം നൽകും.

**മുൻഗണന വിഭാഗം**

1. കുടുംബത്തിൽ മറ്റു വരുമാന സ്രോതസ്സുകളില്ലാത്ത വിധവകൾ/വിവാഹമോചിതർ

2. സ്ത്രീ കുടുംബനാഥയായ കുടുംബങ്ങൾ

3. 5 സെന്റോ അതിൽ താഴെയോ മാത്രം ഭൂമിയുള്ള കുടുംബം

4. നിരാലംബരായ വികലാംഗർ

5. നിത്യരോഗികൾ

6. മാനസിക രോഗികൾ

7. വിവാഹ പ്രായം കഴിഞ്ഞ അവിവാഹിതയായ സ്ത്രീകൾ ഉള്ള കുടുംബം.

8. എട്ടിൽ കൂടുതൽ അംഗങ്ങളുള്ള കുടുംബം

9. പതിനയ്യായിരത്തിൽ താഴെ വരുമാനമുള്ള കുടുംബം

10. ബൈത്തുസ്സകാത്തിൽ അഫിലിയേഷനുള്ള സകാത്ത് കമ്മിറ്റികളുടെ അപേക്ഷകൾ.

11. ബൈത്തുസ്സകാത്ത് സംവിധാനത്തോട് സഹകരിക്കുന്ന മഹല്ലുകളോ മറ്റു സംവിധാനങ്ങളോ സ്പോൺസർ ചെയ്യുന്ന അപേക്ഷകൾ.

**മാനദണ്ഡങ്ങൾ**

1. അപേക്ഷകന്റെ സ്വന്തം പേരിലോ ഭാര്യ/ഭർത്താവിന്റെ പേരിലോ ഭൂമി ഉണ്ടായിരിക്കണം. അപേക്ഷകന്റെ ഭാര്യയുടെയോ/ഭർത്താവിന്റെയോ പേരിലുള്ള ഭൂമിയാണെങ്കിൽ ഭൂ ഉടമ യുടെ സമ്മതപത്രം വേണം.

2. അപേക്ഷയിൽ അപേക്ഷകന്റെ ഫോട്ടോ പതിച്ചിരിക്കണം.

3. ഐ.ഡി/ആധാർ കാർഡ്, ബാങ്ക് പാസ് ബുക്ക്, റേഷൻ കാർഡ്, ആധാരം എന്നിവയുടെ കോപ്പി അപേക്ഷയോടൊപ്പം സമർപ്പിക്കണം.

4. കെട്ടിട നിർമാണ ചട്ടങ്ങൾ പാലിച്ചായിരിക്കണം നിർമാണം.

5. 30000 മുതൽ മൂന്ന് ലക്ഷംരൂപ വരെയാണ് അനുവദിക്കുന്ന തുക. എന്നാൽ ഫണ്ടിന്റെ ല ഭ്യതക്കനുസരിച്ച് അനുവദിക്കുന്ന ഫണ്ടിൽ കുറവ് വരാം. പ്രാദേശികമായി ശേഖരിക്കുന്ന തുകയും ഗുണഭോക്തൃ വിഹിതവും ചേർത്ത് വീട് താമസ യോഗ്യമാക്കുമെങ്കിലേ സഹാ യം അനുവദിക്കുകയുള്ളൂ.

6. വീട് പൂർത്തീകരണത്തിന് ഓരോ ഘട്ടവും വിലയിരുത്തിയതിനു ശേഷമാണ് ഫണ്ട് അ നുവദിക്കുക.

7. ഓരോ ഗഡുവും ഉപയോഗിച്ചു കഴിയുമ്പോൾ ഏരിയാ കോഡിനേറ്റർ ശുപാർശ ചെയ്തുകൊണ്ടുള്ള കത്തും വീട് പണിയുടെ പുരോഗതിയുടെ ഫോട്ടോയും നൽകിയാൽ മാത്രമേ അടുത്ത ഗഡു അനുവദിക്കുകയുള്ളൂ.

**ചികിത്സാ സഹായം**

- മാരക രോഗങ്ങൾക്കും മാറാ രോഗങ്ങൾക്കുമാണ് ചികിത്സാ സഹായം അനുവദി ക്കുക.
- സർക്കാർ ആശുപത്രികളിലെ ചിലവുകൾക്കാണ് സഹായം നൽകുക. അനിവാര്യ ഘട്ടത്തിൽ സ്വകാര്യ ആശുപത്രികളെയും പരിഗണിക്കും.
- നിരാലംബർക്ക് മുൻഗണന നൽകും
- മൂന്ന് രൂപത്തിലാണ് ചികിത്സ സഹായം നൽകുക
    1. വിദഗ്ധ ചികിത്സക്ക് ആവശ്യമായ ചെലവിന്റെ ഒരു ഭാഗം ഒറ്റത്തവണയായി നൽകുക.
    2. തുടർ ചികിത്സ ആവശ്യമുള്ളവർക്ക് പെൻഷൻ രൂപത്തിലുള്ള സഹായം നൽകു ക.
    3. ബൈത്തുസ്സകാത്തുമായി ധാരണയുള്ള ആശുപത്രികളിൽ ചികിത്സ തേടുന്നവ ർക്ക് ആശുപത്രി ബില്ലിൽ കുറവ് വരുത്തുക.
- ചികിത്സ സംബന്ധിച്ച രേഖകളുടെ പകർപ്പ്, അപേക്ഷകന്റെ ഐഡി കാർഡ്, റേഷ ൻ കാർഡ്, ബാങ്ക് പാസ്ബുക്ക് എന്നിവയുടെ പകർപ്പുകളും അപേക്ഷയോടൊപ്പം നൽകണം.
- കിടപ്പിലായ രോഗികൾക്ക് വേണ്ടി അടുത്ത ബന്ധുവിന് അപേക്ഷ സമർപ്പിക്കാം. രണ്ടുപേരുടെയും ബന്ധം കാണിക്കുന്ന രേഖയുടെ പകർപ്പും അപേക്ഷയോടൊപ്പം നൽകണം.
- മാസാന്ത പെൻഷൻ മൂന്നുമാസത്തിലൊരിക്കൽ ആയിരിക്കും വിതരണം ചെയ്യുക പരമാവധി ചികിത്സ പെൻഷൻ ഒരു വർഷക്കാലത്തേക്കായിരിക്കും
- അത്യാവശ്യ സന്ദർഭങ്ങളിൽ പുതിയ അപേക്ഷകൾ സമർപ്പിച്ച് കാലാവധി ദീർഘിപ്പിച്ച് വാങ്ങാവുന്നതാണ്.

- ❖ മാസാന്ത സഹായം ലഭിക്കുന്ന രോഗികൾ ഇടക്ക് മരണപ്പെട്ടാൽ അക്കാര്യം ഏരിയാ കോർഡിനേറ്റർ മുഖേന ഓഫീസിൽ അറിയിക്കണം

**സ്വയം തൊഴിൽ**

- ❖ നിയമപരമായി നടത്താവുന്നതും അപേക്ഷകന് ലാഭകരമായി നടത്താൻ കഴിയുമെന്ന് എക്സിക്യൂട്ടീവ് കമ്മിറ്റിക്ക് ബോധ്യപ്പെടുകയും ചെയ്യുന്ന സൂക്ഷ്മ സംരംഭങ്ങൾക്കാണ് സഹായം നൽകുക.
- ❖ അപേക്ഷകൻ സംരംഭം നടത്താനുള്ള സ്കിൽ ഉറപ്പുവരുത്തണം
- ❖ നിയമപരമായ ലൈസൻസുകളും മറ്റു അനുമതികളും വേണം
- ❖ പദ്ധതി ചെലവ് 5 ലക്ഷം രൂപയിൽ കവിയാൻ പാടില്ല പരമാവധി സഹായം നൽകുക പദ്ധതി ചിലവിന്റെ 75% ആണ് ബാക്കി തുക ബാങ്ക് വായ്പ ഒഴിച്ചു മറ്റ് സ്രോതസ്സുകളിലൂടെ കണ്ടെത്താൻ കഴിയണം.
- ❖ സ്ഥലം, കെട്ടിടം എന്നിവയ്ക്ക് സഹായം ലഭിക്കില്ല
- ❖ ഉപകരണങ്ങൾ വാങ്ങാൻ സഹായം ആവശ്യമെങ്കിൽ ഗുണഭോക്താവ് ബൈത്തുസ്സകാത്ത് നൽകുന്ന ധനസഹായം കഴിച്ചു ബാക്കി തുക ബൈത്തുസ്സകാത്ത് കേരളയുടെ ബാങ്ക് അക്കൗണ്ടിൽ അടക്കണം.
- ❖ ബൈത്തുസ്സകാത്ത് കേരള നിർദ്ദേശിക്കുന്ന പരിശീലന പരിപാടിയിൽ വിജയകരമായി പങ്കെടുക്കണം
- ❖ പദ്ധതി ആരംഭിക്കാൻ ആവശ്യമായ സ്ഥലവും കെട്ടിടവും ഒരുക്കിയതിനുശേഷം മാത്രമേ സഹായം വിതരണം ചെയ്യുകയുള്ളൂ
- ❖ അപേക്ഷയോടൊപ്പം ആരംഭിക്കാൻ ഉദ്ദേശിക്കുന്ന സംരംഭത്തിന്റെ പദ്ധതി റിപ്പോർട്ട് (*കേവല സ്വയംതൊഴിൽ പ്രോജക്ടുകളിൽ ഒഴിച്ച് ഉദാഹരണം: ഓട്ടോറിക്ഷ, പശു വളർത്തൽ*) സമർപ്പിക്കണം. അപേക്ഷകന്റെ ഐഡി കാർഡ്, ബാങ്ക് പാസ് ബുക്ക്(അക്കൗണ്ട് വിവരങ്ങൾ ഉള്ള പേജ്) റേഷൻ കാർഡ് എന്നിവയുടെ പകർപ്പ് നൽകണം വാങ്ങാൻ ഉദ്ദേശിക്കുന്ന ഉപകരണങ്ങളുടെ ക്വട്ടേഷൻ സമർപ്പിക്കണം.
- ❖ ഒരു കുടുംബത്തിലെ ഒരാൾക്ക് മാത്രമേ സ്വയം തൊഴിൽ സഹായം നൽകുകയുള്ളൂ

**കുടിവെള്ള പദ്ധതി**

- ❖ കുടിവെള്ളത്തിന് പ്രയാസമുള്ള പ്രദേശങ്ങൾക്കും കുടുംബങ്ങൾക്കും ആണ് സഹായം നൽകുക
- ❖ പ്രാദേശികമായി ഏറ്റെടുക്കുന്ന പദ്ധതികളിൽ പങ്കാളിത്തം വഹിക്കും
- ❖ പാവപ്പെട്ട കുടുംബങ്ങൾക്ക് കിണർ നിർമിക്കാൻ സഹായം നൽകും
- ❖ ജലക്ഷാമം നേരിടുന്ന പ്രദേശങ്ങളിൽ രൂക്ഷ വളർച്ച നേരിടുമ്പോൾ കുടിവെള്ള വിതരണം നടത്തും

**കടബാധ്യത തീർക്കൽ**

- ❖ അടിസ്ഥാന ആവശ്യങ്ങൾക്ക് വാങ്ങിയ ബാങ്ക്/വ്യക്തി കടങ്ങളാണ് ഈ പദ്ധതിയിൽ പരിഗണിക്കുക.
- ❖ ഭക്ഷണം, പാർപ്പിടം, ചികിത്സ, വിദ്യാഭ്യാസം എന്നിവയാണ് അടിസ്ഥാന ആവശ്യങ്ങളായി പരിഗണിക്കുക

- കുടുംബത്തിന്റെയോ അടുത്ത ബന്ധുക്കളുടെയോ ഉടമസ്ഥതയിലുള്ള സ്വർണ്ണം പണയപ്പെടുത്തി വാങ്ങിയ വായ്പ തിരിച്ചെടുക്കുന്നതിന് പദ്ധതിയിൽ സഹായം ലഭിക്കുകയില്ല.
- ബാങ്ക് വായ്പ സ്ഥാപനങ്ങളുമായി ചർച്ച ചെയ്ത് ഒറ്റത്തവണ തീർപ്പാക്കലിന് ശ്രമിച്ചതിനുശേഷം മാത്രമാണ് അപേക്ഷ സമർപ്പിക്കേണ്ടത് പ്രാദേശികമായി പരമാവധി ഫണ്ട് ശേഖരണത്തിന് ശ്രമിക്കണം
- പരമാവധി രണ്ട് ലക്ഷം രൂപ വരെയുള്ള കടങ്ങളാണ് പരിഗണിക്കുക. പരമാവധി ഒരു ലക്ഷം രൂപയാണ് സഹായമായി നൽകുക. വായ്പ പൂർണമായി തീർക്കാൻ കഴിയുമെങ്കിൽ മാത്രമാണ് ഈ തുക അനുവദിക്കുക.
- പൂർണ്ണമായി തീർക്കാൻ കഴിയാത്ത കടത്തിലേക്ക് ഒരു വിഹിതമായി സംഖ്യ അനുവദിക്കുകയില്ല.
- ഐഡി/ആധാർ കാർഡ്, ബാങ്ക് പാസ്ബുക്ക്, റേഷൻ കാർഡ്, കടവുമായി ബന്ധപ്പെട്ട രേഖകൾ, ബാങ്ക് സ്റ്റേറ്റ്മെന്റ് എന്നിവയുടെ കോപ്പികൾ അപേക്ഷയോടൊപ്പം സമർപ്പിക്കണം

**റേഷൻ പെൻഷൻ**

- വിധവകൾ, പ്രായമമായ മറ്റു വരുമാനം മാർഗങ്ങൾ ഒന്നുമില്ലാത്ത (അധ്വാന ശേഷിയുള്ള ആരും അംഗങ്ങളായിട്ടില്ലാത്ത) കുടുംബങ്ങൾക്ക് മാത്രമാണ് സഹായം ലഭിക്കു ക
- പരമാവധി ഒരു വർഷത്തേക്കാണ് പെൻഷൻ നൽകുക
- മൂന്നുമാസത്തിലൊരിക്കലാണ് തുക വിതരണം ചെയ്യുക
- ഐഡി/ആധാർ കാർഡ്, ബാങ്ക് പാസ്ബുക്ക്, റേഷൻ കാർഡ് എന്നിവയുടെ കോപ്പികൾ അപേക്ഷയോടൊപ്പം സമർപ്പിക്കണം